ഭരണഭാഷ – മാതൃഭാഷ

**സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റ്**
**തിരുവനന്തപുരം**

നമ്പർ.DTETVM/1808/2025-P2 (PEN) തീയതി: 16-09-2025

<u>**പരിപത്രം**</u>

വിഷയം:- സാങ്കേതികം - വിദ്യാഭ്യാസം - ഡയറക്ടറുടെ കാര്യാലയം തിരുവനന്തപുരം - സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് മേഖല കാര്യലയങ്ങളുടെ കീഴിൽ വരുന്ന സ്ഥാപനങ്ങളിലെ സ്ഥാപന മേധാവികളുടെ പേരിലുള്ള ബാധ്യത /ബാധ്യത രഹിത സാക്ഷ്യ പത്രം - സംബന്ധിച്ച്:-

സൂചന:-
1. G.O(P)No.185/2002/Fin dated 27/03/2002.
2. G.O(P)No.55/2019/Fin dated 04/05/2019.
3. G.O(P)No.89/2021/Fin dated 28/06/2021.
4. G.O(P)No.46/2023/Fin dated 08/05/2023.

സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന്റെ അതാത് മേഖല കാര്യലയങ്ങളുടെ കീഴിൽ വരുന്ന സ്ഥാപനങ്ങളിലെ സ്ഥാപന മേധാവികളുടെ പേരിലുള്ള ബാധ്യത / ബാധ്യത രഹിത സാക്ഷ്യപത്രം ഓഡിറ്റുമായി ബന്ധപ്പെട്ട ബാധ്യതകൾ പരിശോധിച്ച്, അതാത് മേഖലാ കാര്യാലയം ജോയിൻറ് ഡയറക്ടർ മേലൊപ്പ് ചാർത്തി സമർപ്പിക്കേണ്ടതാണ്. സർവീസസില് നിന്നും വിരമിക്കുന്ന ജീവനക്കാരുടെ പെൻഷൻ ആനുകൂല്യങ്ങൾ വിതരണം ചെയ്യുന്നതുമായി ബന്ധപ്പെട്ട് സർക്കാർ പുറപ്പെടുവിച്ചിരിക്കുന്ന മേൽ സൂചന ഉത്തരവുകളിലെ നിർദ്ദേശങ്ങൾ കർശനമായും പാലിക്കേണ്ടതും , പണം, സ്റ്റോർ എന്നിവ കൈകാര്യം ചെയ്യുന്ന ഉദ്യോഗസ്ഥരുടെയും , പദ്ധതി നിർവഹണ ഉദ്യോഗസ്ഥരുടെയും,സ്ഥാപനമേധാവികളുടെയും ബാദ്ധ്യത / ബാദ്ധ്യതരഹിത പത്രം വിതരണം ചെയ്യുന്നതിന് മുന്നോടിയായി ഓഡിറ്റ് നടപടികൾ പൂർത്തീകരിച്ചിട്ടുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്. ഓഡിറ്റ് പൂർത്തിയായ കാലഘട്ടത്തിൽ ജീവനക്കാരന്റെറെ പേരിൽ സാമ്പത്തിക ബാദ്ധ്യത നിശ്ചയിക്കാവുന്ന പരാമർശങ്ങൾ തീർപ്പാക്കാൻ അവശേഷിക്കുന്നില്ല എന്ന് ഉറപ്പു വരുത്തി മാത്രമേ ബാദ്ധ്യതരഹിതപത്രം വിതരണം ചെയ്യാൻ പാടുള്ളൂ. ഓഡിറ്റ് നടപടികൾ പൂർത്തീകരിക്കുന്നതിനും ഓഡിറ്റ് റിപ്പോർട്ടിലെ പരാമർശങ്ങൾ തീർപ്പാക്കുന്നതിനും സ്ഥാപനമേധാവികൾ പ്രത്യേക ശ്രദ്ധ പതിപ്പിക്കേണ്ടതാണ്. ഓഡിറ്റ് നടപടികൾ പൂർത്തീകരിക്കുന്നതിന് സാങ്കേതിക തടസ്സമുള്ള പക്ഷം മാത്രം Annexure 2(a)/2(b) മാതൃകയിലുള്ള സമ്മതപത്രത്തിന്റെ അടിസ്ഥാനത്തിൽ തുടർ നടപടികൾ

സ്വീകരിക്കേണ്ടതാണ്.

SHEFEEK AHAMMAD C M
SENIOR FINANCE OFFICER

സ്വീകർത്താവ്,

1. ജോയിൻറ് ഡയറക്ടർ, സാങ്കേതിക വിദ്യഭ്യാസ മേഖല കാര്യാലയം കോഴിക്കോട്/കോതമംഗലം
2. എല്ലാ സ്ഥാപന മേധാവികൾക്കും, (www.dtekerala.gov.in എന്ന വെബ്സൈറ്റ് മുഖാന്തിരം).
3. സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

Signed by
Shefeek Ahammad C M
Date: 16-09-2025 18:10:54